**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **23-02-2026 - ൽ മറുപടിയ്ക്ക്**

**ആഗോള അയ്യപ്പ സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക പരിപാടികൾക്കായി വകയിരുത്തിയ തുകയുടെ ഇരട്ടി തുകയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട് എന്നത് വസ്തുതയാണോ; വിശദമാക്കാമോ; | (എ) | ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക പരിപാടികൾക്കായി വകയിരുത്തിയ തുകയുടെ ഇരട്ടി തുകയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട് എന്നത് വസ്തുതയല്ല. 2025 സെപ്റ്റംബർ 20-ന് നടന്ന ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) നെയാണ് ഇവന്റ് മാനേജ്മെന്റ് ഏജൻസിയായി തെരഞ്ഞെടുത്തിരുന്നത്. പരിപാടിയുടെ തുടക്കത്തിൽ ഒരു ഭജൻ വേണമെന്ന അഭിപ്രായം ഉയർന്ന് വന്നതിന്റെ അടിസ്ഥാനത്തിൽ നന്ദഗോവിന്ദം ഭജൻസിനെ ബന്ധപ്പെട്ടപ്പോൾ അന്നേ ദിവസം മറ്റ് പ്രോഗ്രാമുകൾ ഉള്ളതിനാൽ പങ്കെടുക്കുവാൻ കഴിയില്ലായെന്ന് അറിയിച്ചു. അങ്ങനെയാണ് പ്രശസ്ത സംഗീതജ്ഞൻ ശ്രീ.ഇഷാൻ ദേവിനെ ബന്ധപ്പെട്ട് ചുരുങ്ങിയ സമയത്തിൽ 25പരം ആർട്ടിസ്റ്റുകളും 10-ൽ പരം ടെക്നീഷ്യൻമാരും അടങ്ങുന്ന നിരവധി ട്രൂപ്പുകളെ കൂട്ടിയോജിപ്പിച്ച് കൊണ്ട് മികച്ച ഒരു ഷോ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പ്രോഗ്രാമിന് 8 ലക്ഷം രൂപയാണ് ആകെ ചെലവ് നിശ്ചയിച്ചിരുന്നത് അതിൽ 4 ലക്ഷം രൂപ മാത്രമേ ശ്രീ.ഇഷാൻദേവിന് ഇതുവരെ നൽകിയിട്ടുള്ളൂ. അതോടൊപ്പം അയ്യപ്പ സംഗമത്തിന്റെ സമാപനത്തിൽ ശ്രീ.വിജയ് യേശുദാസ്, ശ്രീ. വീരമണി രാജു, ശ്രീ. സുദീപ് എന്നിവർ നയിച്ച ഭക്തഗാനമേളയും അവതരിപ്പിച്ചിട്ടുള്ളതാണ്. അതിന് 28 ലക്ഷം രൂപയാണ് ആകെ ചെലവ് നിശ്ചയിച്ചിരുന്നത്. ആയതിൽ 14 ലക്ഷം രൂപയോളം നിലവിൽ നൽകിയിട്ടുള്ളതാണ്. |
| (ബി) | നടക്കാത്ത ഭജന പ്രോഗ്രാമിന്റെ പേരിൽ അടക്കം ബില്ലുകൾ സമർപ്പിച്ചു എന്ന് ഓഡിറ്റിൽ | (ബി) | ഇവന്റ് മാനേജ്മെന്റ് ഏജൻസി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ അശ്രദ്ധമായി കയറികൂടിയ ഒരു |

| | | | |
|---|---|---|---|
| | കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | | പിഴവാണ് നന്ദഗോവിന്ദം ഭജൻസ് പരിപാടി അവതരിപ്പിച്ച എന്നത്. ഇവന്റ് മാനേജ്മെന്റ് ഏജൻസി സമർപ്പിച്ച അപൂർണ്ണവും വ്യക്തതയില്ലാത്തതുമായ ബില്ലുകൾ അനുവദിച്ച് നൽകുന്നതല്ല എന്നും ഇക്കാര്യത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും ലഭ്യമായ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ടി ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ബോർഡ് തലത്തിൽ സൂക്ഷ്മപരിശോധന നടത്തി അന്തിമമാക്കിയ ശേഷം മാത്രമേ ബാക്കി തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈകൊള്ളുകയുള്ളൂ എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | നന്ദഗോവിന്ദം ഭജൻസിന് എട്ടു ലക്ഷം രൂപ നൽകിയ ബിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വ്യാജമാണോ എന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇവന്റ് മാനേജ്മെന്റ് ഏജൻസി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ അശ്രദ്ധമായി കയറിക്കൂടിയ ഒരു പിഴവാണ് നന്ദഗോവിന്ദം ഭജൻസ് പരിപാടി അവതരിപ്പിച്ച എന്നത്. ഇവന്റ് മാനേജ്മെന്റ് ഏജൻസി സമർപ്പിച്ച അപൂർണ്ണവും വ്യക്തതയില്ലാത്തതുമായ ബില്ലുകൾ അനുവദിച്ച് നൽകുന്നതല്ല എന്നും ഇക്കാര്യത്തിൽ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും ലഭ്യമായ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ടി ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ബോർഡ് തലത്തിൽ സൂക്ഷ്മപരിശോധന നടത്തി അന്തിമമാക്കിയ ശേഷം മാത്രമേ ബാക്കി തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനം കൈകൊള്ളുകയുള്ളൂ എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ